**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഴ്ചയില്ലാത്തവർക്ക് ടോക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ച കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കുന്നതിന് അനുമതി നൽകിയ ഉത്തരവിന്റെ പരിധിയിൽ ലാപ്ടോപ്പ് കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2055/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 03.08.2013.

---

പരാമർശം:- 1. സ.ഉ.(സാധാ) 2602/2010/തസ്വഭവ തീയതി, 06.08.2010.
2. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 06.02.2013 ലെ കത്ത്.

**<u>ഉത്തരവ്</u>**

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ കാഴ്ചയില്ലാത്തവർക്ക് പ്രയോജനപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഷിക പദ്ധതിയുടെ ഭാഗമായി, നിബന്ധനകൾക്ക് വിധേയമായി ടോക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിച്ച കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കുവാൻ പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ പദ്ധതി പ്രകാരം **Desktop** മാത്രമേ അനുവദിക്കുന്നുള്ളൂവെന്നും ലാപ്ടോപ്പ് കൂടി അനുവദിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്നും കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറി പരാമർശം (2) കത്തിലൂടെ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിന്റെ പരിധിയിൽ കാഴ്ചയില്ലാത്തവർക്ക് നൽകുന്ന കമ്പ്യൂട്ടറിൽ ലാപ്ടോപ്പും കൂടി ഉൾപ്പെടുത്തി മേൽ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
ജനറൽ സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ